**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5489** **24-03-2025 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്കുള്ള ആനുകൂല്യങ്ങൾ കുടിശിക തീർത്ത് വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി മലയാളികൾക്ക് ഈ സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പ്രവാസി മലയാളികൾക്ക് ഈ സർക്കാർ വിവിധ തരം സഹായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>പ്രവാസികൾക്ക് നൽകി വരുന്ന സഹായ പദ്ധതികൾ:<br><br>നോർക്ക പ്രവാസി തിരിച്ചറിയൽ കാർഡ്<br><br>പ്രവാസി രക്ഷാ ഇൻഷുറൻസ് പോളിസി<br><br>നോർക്ക ഡയറക്ടേഴ്സ് സ്കോളർഷിപ്പ്<br><br>ഗ്ലോബൽ കോണ്ടാക്ട് സെന്റർ<br><br>പ്രവാസി നിയമ സഹായ സെൽ (PLAC)<br><br>ലോക കേരള സഭ<br><br>നോർക്ക എൻ.ആർ.കെ. വനിത സെൽ<br><br>എമർജൻസി ആംബുലൻസ് സർവീസ്<br><br>എമർജൻസി റീപാട്രിയേഷൻ സ്കീം<br><br>മടങ്ങിയെത്തിയ പ്രവാസികൾക്ക് നൽകി വരുന്ന സഹായ പദ്ധതി:<br><br>സാന്ത്വന (സമാശ്വാസനിധി)<br><br>നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേൺസ് എമിഗ്രന്റ്സ് (NDPREM)<br><br>പ്രവാസി ഭദ്രത<br><br>നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME)<br><br>പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം |

| | | | |
|---|---|---|---|
| | | | നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി)<br><br>വിശദാംശങ്ങൾ അനുബന്ധം(I) ആയി ചേർക്കുന്നു. |
| (ബി) | സർക്കാർ സഹായങ്ങളിൽ ഓരോ ഇനത്തിലും നിലവിലുള്ള കുടിശിക എത്രയാണെന്ന് വ്യക്തമാക്കുമോ; കുടിശിക തീർത്ത് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | കുടിശ്ശികകൾ തീർത്ത് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (I)**

## നോർക്ക റൂട്ട്സ് മുഖാന്തരം നൽകി വരുന്ന സഹായങ്ങൾ

### സാന്ത്വന (സമാശ്വാസനിധി)

പ്രവാസജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ, സാമ്പത്തികവും, ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസികളുടെയും കുടുംബത്തിന്റെയും സഹായത്തിനായി രൂപീകരിച്ച സമാശ്വാസപദ്ധതിയാണ് സാന്ത്വന. ഈ പദ്ധതി മുഖേന മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, അംഗപരിമിത പരിഹാര ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം (വീൽ ചെയർ, ക്രച്ചസ്, കൃത്രിമ കൈകാലുകൾ മുതലായവ) എന്നിവയാണ് നൽകി വരുന്നത്.

2016 മുതൽ 2025 മാർച്ച് 10 വരെ 33458 പ്രവാസി കുടുംബങ്ങൾക്ക് 201.74 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

### നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM).

പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്നവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്ന പുനരധിവാസപദ്ധതിയാണ് നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM). സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന നൽകുക. 19 ബാങ്കിങ് ധനകാര്യ സ്ഥാപനങ്ങളുടെ സംസ്ഥാനത്തെ ഏഴായിരത്തിലധികം ശാഖകൾ വഴി സേവനം ലഭിക്കുമെന്നതാണ് പ്രത്യേകത.

2016 ഏപ്രിൽ മുതൽ 2025 മാർച്ച് 10 വരെ **10,526** പ്രവാസി സംരംഭങ്ങൾ എൻ. ഡി.പി.ആർ.ഇ.എം. പദ്ധതി വഴി ആരംഭിക്കാനായി. ഇതിലൂടെ മൂലധന സബ്സിഡി നൽകിയ ഇനത്തൽ 90.31 കോടി രൂപയും, പലിശ സബ്സിഡി ഇനത്തിൽ 16.06 കോടി രൂപയും വിനിയോഗിച്ചു. ഇതിലൂടെ സബ്സിഡി നൽകിയ ഇനത്തിൽ ആകെ 106.37 കോടി രൂപ ചെലവഴിച്ചു.

### പ്രവാസി ഭദ്രത

കോവിഡ് 19 മഹാമാരിയെത്തുടർന്ന് യാത്രാവിലക്ക് മൂലം തിരിച്ചു തൊഴിലിടങ്ങളിൽ പോകാൻ കഴിയാതെ പ്രതിസന്ധിയിലായവർക്കും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്നവർക്കും, സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവർക്കുമായി 2021 - 2022 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് പ്രവാസി ഭദ്രത. **പേൾ, മൈക്രോ, മെഗാ** എന്നീ മൂന്ന് ഉപപദ്ധതികളിലൂടെ ധനസഹായം നൽകി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ 2021 മുതൽ 2025 മാർച്ച് 10 വരെ **21,800** പ്രവാസികേരളീയർക്ക് സ്വയം തൊഴിലോ,

സംരംഭങ്ങളോ ആരംഭിക്കാനായി. ഇതിനായി പലിശ, മൂലധന സബ്സിഡി ഇനത്തിൽ 118.98 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

**(I) പ്രവാസി ഭദ്രതാ – പേൾ (നാനോ എന്റർപ്രൈസസ്സ് അസിസ്റ്റന്റ്സ് സ്കീം)** - അവിദഗ്ധ തൊഴിൽ മേഖലയിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽ പെട്ടവർക്കായി കുടുംബശ്രീ മുഖാന്തരം ഒരാൾക്ക് പരാമാവധി 2 ലക്ഷംരൂപ വായ്പ നൽകുന്നു

**(II) പ്രവാസി ഭദ്രതാ – മൈക്രോ (മൈക്രോ എന്റർപ്രൈസസ്സ് അസിസ്റ്റന്റ്സ് സ്കീം)** - ചെറുകിടതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കെ.എസ്.എഫ്.ഇ/കേരള ബാങ്ക് മുഖാന്തരം ഒരാൾക്ക് പരാമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 1 ലക്ഷം രൂപ മൂലധനസബ്സീഡി + 3% പലിശസബ്സീഡി നൽകുന്നു.

**(III) പ്രവാസി ഭദ്രതാ - മെഗാ സ്പെഷ്യൽ അസിസ്റ്റന്റ്സ് സ്കീം)**- വ്യവസായസംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി മുഖാന്തരം ഒരാൾക്ക് പരമാവധി 2 കോടി രൂപവരെ വായ്പയ്ക്ക് 3.5% പലിശസബ്സീഡി നൽകുന്നു.

## നോർക്കാ അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME)

പ്രവാസികൾ ആർജ്ജിച്ച അറിവും അനുഭവ പരിചയവും കേരളത്തിലെ എല്ലാ മേഖലയിലുമുള്ള സംരംഭങ്ങൾക്ക് ഉപയോഗപ്രദമാകുന്നതിലൂടെ തിരികെ എത്തിയ പ്രവാസികൾക്ക് നാട്ടിൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച പദ്ധതിയാണ് നോർക്കാ അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME). കേരളത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളിൽ തിരികെ വന്ന പ്രവാസികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനു വേണ്ടിയുള്ള ഒരു പൊതു വേദി ഒരുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ഉപജീവനാർത്ഥം തൊഴിൽ ചെയ്തിട്ടുള്ള നിലവിൽ തൊഴിൽ വിസ ഇല്ലാത്ത അല്ലെങ്കിൽ തിരികെ എത്തിയിട്ട് 6 മാസം കഴിഞ്ഞവരെയാണ് തൊഴിൽ നൽകുന്നതിനായി പരിഗണിക്കുന്നത്.

വിദേശത്തുവച്ച് ഉണ്ടാകുന്ന അപകടങ്ങളിൽ മാരകമായി പരിക്കേൽക്കുന്നവർക്കും ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്കും നോർക്ക റൂട്ട്സ് വഴി ചുവടെ ചേർക്കുന്ന സഹായങ്ങൾ/പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## നോർക്ക പ്രവാസി തിരിച്ചറിയൽ കാർഡ്

വിദേശത്ത് താമസിക്കുന്ന കേരളീയർക്കായി നോർക്ക റൂട്ട്സ് ഏർപ്പെടുത്തിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ആണ് ***നോർക്ക പ്രവാസി തിരിച്ചറിയൽ കാർഡ്.*** ഈ പദ്ധതിയിൽ അംഗമാകുന്ന പ്രവാസിക്ക് അപകടം മൂലമുള്ള മരണത്തിന് 4 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും, അപകടം മൂലമുള്ള ഭാഗികമായോ/സ്ഥിരമായോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും നൽകിവരുന്നു. പോളിസി തുക 372/- രൂപ. 18 -70 വയസ്സ് വരെയുള്ള പ്രവാസികൾക്ക് ഈ പദ്ധതിയിൽ അംഗമാകാം. കാർഡിന്റെ കാലാവധി 3 വർഷം. ലോകത്തെ 181 രാജ്യങ്ങളിലെ പ്രവാസികേരളീയരെ കണ്ടെത്തുന്നതിനും അവരുടെ വിവരശേഖരണത്തിനും ഐഡി കാർഡ് സേവനം സഹായകരമായി.. 2016 മുതൽ 2025 മാർ 10 വരെ 7,53,310 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ കഴിഞ്ഞു.

## <u>പ്രവാസി രക്ഷാ ഇൻഷുറൻസ് പോളിസി</u>

വിദേശത്ത് ആറ് മാസത്തിൽ കൂടുതൽ താമസിച്ചു വരുന്ന പ്രവാസികൾക്ക് ഗുരുതര രോഗങ്ങൾക്കായി 2021 മുതൽ പ്രവാസി രക്ഷാ ഇൻഷുറൻസ് പോളിസി നടപ്പാക്കിവരുന്നു. ഗുരുതര അസുഖങ്ങൾക്ക് ഒരു ലക്ഷം രൂപയുടെയും, അപകട മരണത്തിന് രണ്ട് ലക്ഷം രൂപയുടെയും അപകടം മൂലമുള്ള വൈകല്യത്തിന് പരമാവധി ഒരു ലക്ഷം രൂപയുടെയും പരിരക്ഷ നൽകിവരുന്നു. പോളിസി പ്രീമിയം തുക 649/- രൂപ. പോളിസിയുടെ കാലാവധി 1 വർഷം. 2021 മുതൽ 2025 ജനുവരി 10 വരെ 47 749 പ്രവാസികേരളീയർ ഈ ഇൻഷുറൻസ് സ്കീമിൽ അംഗമായിട്ടുണ്ട്.

## നോർക്ക ഡയറക്ടേഴ്സ് സ്കോളർഷിപ്പ്

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികളുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് 15000 രൂപ വീതം ധനസഹായം നൽകുന്നതിനായി 2019 ൽ ആരംഭിച്ച പദ്ധതിയാണ് നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്. 2019 ൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം 2021 വരെ 1050 വിദ്യാർത്ഥികൾക്ക് 1.90 കോടി രൂപയുടെ സ്കോളർഷിപ്പുകൾ നൽകാൻ സാധിച്ചു. 2021 ഏപ്രിൽ മുതൽ 2025 ജനുവരി 10 വരെയുള്ള കണക്കനുസരിച്ച് 1297 വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചു.

## ഗ്ലോബൽ കോൺടാകട് സെന്റർ

ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് നോർക്കയിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവരുടെ പരാതികൾ അധികൃതരെ അറിയിക്കുന്നതിനുമായി അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പർ (1800 425 3939 ) സൗകര്യത്തോടുകൂടി നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ പ്രവർത്തിച്ചുവരുന്നു. വിദേശത്ത് നിന്നും +91-880212345 എന്ന നമ്പരിലേയ്ക്ക് മിസ്ഡ് കോൾ വഴിയും സേവനം ലഭ്യമാണ്.

## പ്രവാസി നിയമ സഹായ സെൽ (PLAC)

കേരളീയരായ പ്രവാസികളുടെ തൊഴിൽ, വീസ, പാസ്പോർട്ട്, ആശുപത്രി ചികിത്സ, ജയിൽശിക്ഷ തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതത് രാജ്യത്തെ മലയാളി അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്നതിനായി ആരംഭിച്ച പദ്ധതിയാണ് പ്രവാസി നിയമ സഹായ സെൽ. കേസുകളിൻ മേൽ നിയമോപദേശം, നഷ്ടപരിഹാരം/ദയാഹർജികൾ എന്നിവയിൽ സഹായിക്കുക, സാംസ്കാരിക സംഘടനകളുമായി ചേർന്ന് നിയമ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ തർജ്ജമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക, എന്നിവയ്ക്ക് അതത് രാജ്യത്തെ കേരളീയരായ അഭിഭാഷകരുടെ സേവനം ലഭ്യമാക്കുന്നതാണ് പദ്ധതി.

പദ്ധതിയുടെ ഭാഗമായി നിലവിൽ മിഡിൽ ഈസ്റ്റ് മേഖലയിൽ (സൗദി അറേബ്യ, കുവൈറ്റ്, യുഎഇ) ഏഴ് ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചു. ബഹ്റൈൻ (മനാമ) ഖത്തർ (ദോഹ), മലേഷ്യ (ക്വാലാലമ്പൂർ) എന്നിവിടങ്ങളിലെ നോർക്ക ലീഗൽ കൺസൾട്ടന്റുമാരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.

**പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം**

വിദേശത്തുനിന്നും തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, മൂന്നു ലക്ഷം രൂപ വരെ ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഇതിനോടകം 81 സംഘംങ്ങൾക്കായി രണ്ടുകോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്.

**ലോക കേരള സഭ**

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മകമായ നിർദേശങ്ങളും സംഭാവനകളും നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോട് ഒപ്പമുള്ള ഒരു പൊതുവേദിയാണ് ലോക കേരള സഭ. വ്യത്യസ്ത മേഖലകളിലുള്ള പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ലോക കേരള സഭയുടെ മേഖലാ സമ്മേളനങ്ങളും നടത്തിവരുന്നു.

ഇതുവരെ ലോക കേരള സഭയുടെ നാലു സമ്മേളനങ്ങളും മൂന്ന് മേഖലാ സമ്മേളനങ്ങളുമാണ് സംഘടിപ്പിച്ചിട്ടുള്ളത്. 2018 ജനുവരി 12, 13 തീയതികളിൽ ഒന്നാം സമ്മേളനവും 2020 ജനുവരി 1, 2, 3 തീയതികളിൽ രണ്ടാം സമ്മേളനവും 2022 ജൂൺ 16, 17, 18 തീയതികളിൽ മൂന്നാം സമ്മേളനവും 2024 ജൂൺ 14, 15 തീയതികളിൽ നാലാം സമ്മേളനവും സംഘടിപ്പിച്ചു. 2019 ഫെബ്രുവരി 15, 16 തീയതികളിൽ ദുബായിലും 2022 ഒക്ടോബർ 9 ന് ലണ്ടനിലും 2023 ജൂൺ 9, 10, 11 തീയതികളിൽ ന്യൂയോർക്കിലും മേഖലാ സമ്മേളനങ്ങൾ സംഘടിപ്പിച്ചു. സഭയിലെ രാജ്യങ്ങളുടെ പ്രാതിനിധ്യം ഒന്നാം ലോക കേരള സഭയിലെ 35 രാജ്യങ്ങളിൽ നിന്ന് വർധിച്ച് നാലാം സഭയിൽ 105 രാജ്യങ്ങളിൽ എത്തി നിൽക്കുന്നു.

**നോർക്ക എൻആർകെ വനിതാസെൽ**

കേരളീയരായ പ്രവാസിവനിതകളുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നോർക്ക റൂട്ട്സിന്റെ ഏകജാലക സംവിധാനമാണ് എൻആർകെ വനിതാസെൽ. ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കോ, അവരുടെ പ്രതിനിധികൾക്കോ നോർക്ക വനിതാ സെൽ ഹെൽപ്പ്ലൈനുമായി 24 മണിക്കൂറും ബന്ധപ്പെടാം. നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802012345 (വിദേശത്തുനിന്നും, മിസ്ഡ് കോൾ സർവീസ്) എന്നിവയിലൂടെയും womencell.norka@kerala.gov.in എന്ന ഇ-മെയിൽ ഐഡി മുഖേനയും പരാതികൾ അറിയാക്കാവുന്നതാണ്. 2024 ഡിസംബർ 13 ന് ലോകകേരള സഭാ വനിതാ പ്രതിനിധികളുമായി ചർച്ച നടത്തുകയും പ്രവാസിവനിതകളുടെ പ്രശ്നങ്ങളിൽ

ഇടപെടലുകൾക്കായി നിർദ്ദേശം നൽകുകയും ചെയ്തു. 2025 മാർച്ചിൽ അന്താരാഷ്ട്ര വനിതാദിനത്തോട് അനുബന്ധിച്ച് അന്തർദേശീയ വർക്ക്ഷോപ്പ് സംഘടിപ്പിക്കാനായി.

**എമർജൻസി ആംബുലൻസ് സർവീസ്**

അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന മലയാളികളെയും വിദേശത്തും ഇതര സംസ്ഥാനങ്ങളിലും മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സൗജന്യ ആംബുലൻസ് സേവനം നോർക്ക റൂട്ട്സ് നൽകിവരുന്നു. കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളിലും മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിലും ഈ സേവനം ലഭ്യമാണ്. 2018 ജൂണിൽ ആരംഭിച്ച ഈ പദ്ധതിപ്രകാരം 2021 വരെ 870 പേർക്ക് സഹായം നല്കാൻ സാധിച്ചു. ഇതിനായി 2.10 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. 2021 മേയ് മുതൽ 2025 മാർച്ച് 10 വരെ 1846 പ്രവാസികൾക്ക് സൗജന്യ എമർജൻസി ആംബുലൻസ് സേവനം ലഭ്യമാക്കി.

**എമർജൻസി റീപാട്രിയേഷൻ സ്കീം**

അടിയന്തിര സാഹചര്യങ്ങളിൽ വിദേശ രാജ്യങ്ങളിൽ നിന്നും പ്രവാസികളെ തിരിച്ചെത്തിക്കുന്നതിനും മരണമടയുന്ന പ്രവാസികളുടെ ഭൗതീകശരീരം നാട്ടിലെത്തിക്കുന്നതിനുമായി എമർജൻസി റിപാട്രിയേഷൻ ഫണ്ടും അതിന്റെ ഉപപദ്ധതിയായ നോർക്ക അസിസ്റ്റൻഡ് ബോഡി റീപാട്രിയേഷൻ പദ്ധതിയും നിലവിലുണ്ട്. വിദേശത്ത് മരണമടയുന്ന മലയാളികളുടെ ഭൗതീകശരീരം തൊഴിൽദാതാവോ സ്പോൺസറോ എംബസിയോ നാട്ടിലെത്തിക്കുകയാണ് ചെയ്തുവരുന്നത്. ഇത് സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ സഹായിക്കുന്നതിനാണ് നോർക്ക അസിസ്റ്റൻഡ് ബോഡി റീപാട്രിയേഷൻ സ്കീം ആവിഷ്കരിച്ചിരിക്കുന്നത്.

**നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻബിഎഫ്സി)**

കേരളത്തിലെ വ്യവസായ സംരംഭക സാധ്യതകൾ പ്രവാസി സംരംഭകർക്ക് പരിചയപ്പെടുത്താനും അവർക്ക് സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയുമാണ് നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിന്റെ (എൻബിഎഫ്സി) ലക്ഷ്യം. NBFC യുടെ ആഭിമുഖ്യത്തിൽ 2021-22 മുതൽ 2025 ഫെബ്രുവരി വരെ പ്രവാസികൾക്കും , തിരികെ വന്ന പ്രവാസികൾക്കുമായി കേരളത്തിലെ വിവിധ ജില്ലകൾ കേന്ദ്രീകരിച്ച് 31 സംരംഭകത്വ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ പരിശീലന പരിപാടിയിൽ 1701 പേർ പങ്കെടുത്തിട്ടുണ്ട്. ഈ കാലയളവിൽ NBFC യുടെ സഹകരണത്തോടെ 501 യൂണിറ്റുകൾ ആരംഭിക്കുകയോ വിപുലീകരിക്കുകയോ ചെയ്തിട്ടുണ്ട്. ഇതിലൂടെ 208 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട് . ഇതുകൂടാതെ 3046 പേർക്ക് നേരിട്ടും ഫോൺ മുഖാന്തിരവും കൗൺസലിംഗ് നൽകിയിട്ടുണ്ട്. 2024 സെപ്റ്റംബറിൽ ആരംഭിച്ച നോർക്ക ബിസിനസ് ക്ലിനിക്ക് സേവനം 331 പ്രവാസികൾ പ്രയോജനപ്പെടുത്തി. പ്രവാസി സംരംഭകർക്ക് സൗജന്യമായി നൽകുന്നതിനായി 12 കൈപ്പുസ്തകങ്ങളും ഈ കാലയളവിൽ പ്രസിദ്ധീകരിച്ചു. മലപ്പുറം ജില്ലയിൽ പ്രവാസി നിക്ഷേപ സംഗമവും സംഘടിപ്പിക്കാനായി.

## പ്രവാസി ക്ഷേമനിധി ബോർഡ് മുഖാന്തരം നൽകി വരുന്ന സഹായങ്ങൾ

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലേയും, 2009 ലെ പ്രവാസി ക്ഷേമ പദ്ധതിയിലേയും വ്യവസ്ഥകൾ പ്രകാരമാണ് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് പ്രവർത്തിച്ചു വരുന്നത്. ടി ആക്ട് പ്രകാരം ബോർഡിൽ നിന്നും പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, പ്രസവാനുകൂല്യം എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു.